(ബി) പ്രസ്തുത വർദ്ധനവിനനുസരിച്ച് അന്തേവാസികൾക്ക് നൽകുന്ന സൗകര്യങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) ക്ഷേമസ്ഥാപനങ്ങളിൽ കാലാകാലങ്ങളിലും അപ്രതീക്ഷിതമായും ഇൻസ്പെക്ഷൻ നടത്താനും റിപ്പോർട്ടുകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാനുമുള്ള സംവിധാനം കാര്യക്ഷമമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. വർദ്ധനവ് വരുത്തിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) കാര്യക്ഷമമാക്കുന്നതാണ്.

ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി

252 (4295) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതിവകുപ്പ് "ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ" പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. സമൂഹത്തിൽ സർക്കാർ, സർക്കാരിതര മേഖലയിൽ കുട്ടികളുടെ വ്യക്തി വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനുംവേണ്ടി നിലകൊള്ളുന്ന വിവിധ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടേയും പ്രവർത്തനത്തിന്റെ ഏകോപനത്തിന് സാഹചര്യമൊരുക്കുക.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. കുട്ടികളോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിൽ രക്ഷിതാക്കളേയും അദ്ധ്യാപകരേയും സമൂഹത്തേയും പ്രാപ്തരാക്കുന്നതിനും ബോധവൽക്കരിക്കുന്നതിനും ആവശ്യമായ നേതൃത്വം നൽകുക.

3. അനാരോഗ്യകരമായ സ്വഭാവ ദൃഷ്യങ്ങളിലേക്ക് നയിക്കാവുന്ന സാഹചര്യങ്ങളിൽനിന്നും കുട്ടികളെ ഫലപ്രദമായി സംരക്ഷിക്കുക.

4. ആശാസ്യകരമല്ലാത്ത സ്വഭാവ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുള്ള കുട്ടികളെ കണ്ടെത്തി അവരെ കൗൺസിലിംഗ്, മെന്ററിംഗ്, വിദഗ്ധ പരിചരണം, സർഗ്ഗാത്മകവും ഗുണകരവുമായ പ്രവൃത്തിയിലേക്കുള്ള തിരിച്ചുവിടൽ എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക.

(സി) സാമൂഹ്യനീതിവകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, വിദ്യാഭ്യാസം, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളുടെ തലവന്മാർ അംഗങ്ങളുമായിരിക്കുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ഒ.ആർ.സി. പദ്ധതിയുടെ സംസ്ഥാനതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. സാമൂഹ്യനീതിവകുപ്പ് സെക്രട്ടറിയും, ഡയറക്ടറും ഒ.ആർ.സി. പ്രവർത്തനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഒ.ആർ.സി. സ്റ്റേറ്റ് നോഡൽ ഓഫീസർക്കാണ് പദ്ധതിയുടെ നടത്തിപ്പിന്റെ മേൽനോട്ടം. സ്റ്റേറ്റ് നോഡൽ ഓഫീസറെ സഹായിക്കാനായി അഡീഷണൽ നോഡൽ ഓഫീസർമാരേയും ഒ.ആർ.സി. സ്റ്റേറ്റ് കോ-ഓർഡിനേറ്ററേയും സ്റ്റേറ്റ് റിസോഴ്സ് പേഴ്സണെയും നിയോഗിച്ചിട്ടുണ്ട്. പൊതു സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി സമൂഹത്തിൽ ജീവിതത്തിന്റെ നാനാതുറകളിലും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയ പ്രമുഖ വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒ.ആർ.സി. സ്റ്റേറ്റ് ആക്ഷൻ ഗ്രൂപ്പിന് രൂപം നൽകിയിട്ടുണ്ട്.

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കുട്ടികളുടെ വ്യക്തിത്വവികാസത്തിനും സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കുന്ന എല്ലാ സർക്കാർ, സർക്കാരിതര പ്രസ്ഥാനങ്ങളുടെയും ജില്ലാതല ഉദ്യോഗസ്ഥരടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ജില്ലാതലത്തിൽ ഒ.ആർ.സി. പദ്ധതിയുടെ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, ഒ.ആർ.സി. ജില്ലാ കോ-ഓർഡിനേറ്റർ, ഒ.ആർ.സി. വർക്കിംഗ് ഗ്രൂപ്പ് മെമ്പേഴ്സ് എന്നിവർ ഒ.ആർ.സി. പ്രവർത്തനത്തെ പ്രായോഗികതലത്തിൽ കൊണ്ടു വരുന്നതിനായി പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly